(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ, പരസ്യങ്ങൾ, ലഘു ചിത്രങ്ങൾ, മറ്റു വിവരങ്ങൾ എന്നിവ ജനങ്ങളിൽ യഥാസമയം എത്തിക്കുക യാണ് ലക്ഷ്യം.

(സി) 2015-16 സാമ്പത്തിക വർഷം 150 ലക്ഷം രൂപ വീഡിയോ വാളിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനോടകം 6 ജില്ലകളിൽ വീഡിയോ വാളുകൾ സ്ഥാപിക്കുകയും രണ്ട് ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ടെലിവിഷൻ ചാനലുകൾക്ക് സെൻസറിംഗ്

69 (2900) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പല സീരിയലുകളും സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലെയും പരസ്യങ്ങളിലെയും അശ്ലീല ദൃശ്യങ്ങളും പദപ്രയോഗങ്ങളും നിയന്ത്രിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സെൻസറിംഗ് സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത രംഗത്ത് സെൻസറിംഗ് സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ചില സീരിയലുകൾ സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നുണ്ടെന്നുള്ള പരാതികൾ വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലെയും പരസ്യങ്ങളിലെയും അശ്ലീല ദൃശ്യങ്ങളും പദപ്രയോഗങ്ങളും നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് സെൻസറിംഗ് സംവിധാനം നിലവിലില്ല എന്നാൽ പ്രോഗ്രാം കോഡ്, അഡ്വർട്ടൈസിംഗ് കോഡ് എന്നിവ പാലിക്കാത്ത ചാനലുകൾക്കെതിരെയുള്ള പരാതികൾ, കേബിൾ ടി.വി. നെറ്റ് വർക്ക് റെഗുലേഷൻ ആക്ട് 1995-ലെ വ്യവസ്ഥകൾക്ക് വിധേയമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന കേബിൾ ടി.വി. മോണിറ്ററിംഗ് സമിതിയിൽ വച്ച് പരിശോധിച്ച് ടി സമിതിയുടെ ശിപാർശയോടെ കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനേ സംസ്ഥാന സർക്കാരിന് കഴിയൂ.

വകുപ്പുകളിലെ വാർത്തകളും പരിപാടികളും

70 (2902) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുകളിലെ വാർത്തകളും പരിപാടികളും സ്വകാര്യ കമ്പനികളെയും മീഡിയ കൺസൾട്ടൻസികളെയും ഏൽപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇനത്തിൽ ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ ഏജൻസികളെയാണ് പി.ആർ.ഒ. മാർക്ക് പകരമായി നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകളിലാണ് പി.എസ്.സി.വഴി നിയമിച്ച പി.ആർ.ഒ. ഉള്ളതെന്നും, വിവിധ വകുപ്പുകളിലായി ആകെ എത്ര പേരെ ഇതിനകം നിയമിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ഇതിനകം സ്വകാര്യ കമ്പനികൾക്കും മീഡിയ കൺസൾട്ടൻസികൾക്കുമായി പുറം കരാറിൽ നൽകിയ വാർത്തകളുടെയും പരിപാടികളുടെയും ഭാഗമായി കൊടുത്തു തീർക്കാനുള്ള ആകെ തുക എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

പരസ്യയിനത്തിൽ നീക്കിവച്ച തുക

71 (2903) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഓരോ വർഷവും പരസ്യത്തിനായി എന്ത് തുക വീതം നീക്കി വയ്ക്കുകയുണ്ടായെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly